**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*228.** **12.03.2020 ൽ മറുപടിയ്ക്ക്**

**ടോഡി ബോർഡ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | യുക്തിരഹിതമായ ചില വ്യവസ്ഥകൾ മൂലം കള്ള് ഷാപ്പുകളുടെ പ്രവർത്തനം ദുഷ്കരമായത് ഈ മേഖലയിലെ ഒരു ലക്ഷത്തോളം വരുന്ന പരമ്പരാഗത തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിട്ടുള്ളതിനാൽ ഈ വ്യവസായത്തിന്റെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | സർക്കാരിന്റെ നയ തീരുമാനങ്ങൾ കാരണം കള്ളുഷാപ്പുകളുടെ പ്രവർത്തനം ദുഷ്കരമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>പരമ്പരാഗതവും, തൊഴിലധിഷ്ഠിതവുമായ ഒരു വ്യവസായമെന്ന നിലയിൽ കള്ള് വ്യവസായത്തെയും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും, കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വിൽപ്പന നടത്തുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനും ഉതകുന്ന ഒട്ടേറെ പദ്ധതികൾ ഈ സർക്കാർ കള്ള് വ്യവസായ മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്.<br>സർക്കാരിന്റെ 2020-21 വർഷത്തെ മദ്യനയത്തിൽ കള്ളുഷാപ്പുകൾ ടോഡി ബോർഡ് നിലവിൽ വരുന്നതുവരെയോ മൂന്നുവർഷം വരെയോ ഇതിൽ ഏതാണോ ആദ്യം അതുവരെ വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 50% റെന്റൽ തുക കുറച്ച് വിൽപ്പന |

| | | | |
|---|---|---|---|
| | | | നടത്തുവാനും അതിലും വിൽപ്പനയിൽപ്പോകാത്ത കള്ളുഷാപ്പുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ 500/- രൂപ റെന്റലിന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം കൂടുതൽ കള്ളുഷാപ്പുകൾ തുറന്ന് പ്രവൃത്തിക്കുവാൻ സഹായകരമാണ്.<br>ചെത്ത് വൃക്ഷങ്ങളിൽ നിന്നും ദിനംപ്രതി ലഭിക്കുന്ന കള്ളിന്റെ അളവ് 1.5 ലിറ്ററിൽ നിന്നും 2 ലിറ്ററായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് തുടർന്നും ലൈസൻസ് നൽകുന്നതിന് അനുമതി നൽകി നിലവിലെ കള്ളുഷാപ്പുകളെ സംരക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ടോഡി ബോർഡ് രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ഇതുവഴി പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | കള്ള് ചെത്ത് വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി 2017-18-ലെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ച ടോഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള കരട് ബിൽ സജീവ പരിഗണനയിലാണ്.<br>കള്ളിന്റെ ശുദ്ധത ഉറപ്പാക്കുവാനും, കള്ളിന്റെ സംഭരണവും വിതരണവും കാര്യക്ഷമമാക്കുവാനും, കള്ളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും, അത്യുല്പാദന ശേഷിയുള്ള ചെത്ത് വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുവാനും, കള്ളുഷാപ്പുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, തൊഴിലാളികൾക്ക് പരിശീലനം നൽകുവാനും, കള്ളുചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതി വിവരണ കണക്കുകൾ സൂക്ഷിക്കുവാനും, ഈ രംഗത്ത് |

| | | | |
|---|---|---|---|
| | | | ഗവേഷണം പ്രോത്സാഹിപ്പിക്കുവാനും ടോഡി ബോർഡിന്റെ രൂപീകരണത്തോടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തൊഴിലാളി താല്പര്യം കണക്കിലെടുത്ത് ഈ വ്യവസായത്തെ വൻകിട മദ്യ ലോബികളിൽ നിന്ന് വിമുക്തമാക്കി പൊതുമേഖലയിലാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യാജകള്ള് നിർമ്മാണം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനം തടയാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ? | (സി) | കള്ള് ചെത്ത് വ്യവസായം പൊതുമേഖലയിലാക്കുന്ന കാര്യം പരിഗണനയിലില്ല. വ്യാജകള്ള് നിർമ്മാണം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളും പ്രദേശങ്ങളും പ്രത്യേകം നിരീക്ഷിച്ച് വരുന്നു. വ്യാജകള്ള് നിർമ്മാണം സംബന്ധിച്ച് എക്സൈസ് ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായ രഹസ്യാന്വേഷണങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരമായി കള്ള് സാമ്പിളുകൾ ശേഖരിക്കുകയും അവ രാസപരിശോധനയ്ക്ക് അയയ്ക്കുകയും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മൂന്ന് മേഖലകളിലായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ കള്ളിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനായി എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**